പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1694** **16-10-2026-ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ബിനിമോൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് വ്യക്തമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് 6 (ആറ്) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരികയാണ്. ഇവയുടെതരാം തിരിച്ചുള്ള വിവരങ്ങളും, നിർമ്മാണ പുരോഗതിയും ചുവടെ ചേർക്കുന്നു:

1. കായംകുളം ബസ് ടെർമിനൽ 10 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് (PWD) മുഖേന പ്രവൃത്തികൾ നടന്നു വരുന്നു. നിലവിൽ sand piling പൂർത്തിയാക്കിയിട്ടുണ്ട്.

2. ചെങ്ങന്നൂർ ബസ് ടെർമിനൽ - 9.50 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി ആരംഭിച്ചു. കൂടാതെ, MLA ഫണ്ടിൽ നിന്ന് 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

3. ചെറുതോണി 4 Bay Garage Phase I - 2 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി ആരംഭിച്ചു.

4. ഗുരുവായൂർ മൾട്ടിപർപ്പസ് കെട്ടിടം - MLA ഫണ്ടിൽ അനുവദിച്ച 4.25 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി ആരംഭിച്ചു. നിലവിൽ test piling പൂർത്തിയാക്കി.

5. വിതുര ഓഫീസ് കെട്ടിടം - 40 ലക്ഷം രൂപയുടെ പ്രവർത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ആരംഭിച്ചു. Column Footing പ്രവർത്തികൾ നടന്നുവരുന്നു.

6. കിളിമാനൂർ യാർഡ് - 1 കോടി രൂപയുടെ പ്രവർത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ആരംഭിച്ചു. ആയതിന്റെ 65% പ്രവർത്തി പൂർത്തിയായി.

**(ബി)** കാലപ്പഴക്കം മൂലം അടിയന്തരമായി പുനർനിർമ്മിക്കേണ്ട ബസ് സ്റ്റേഷനുകളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്.

പുനർനിർമ്മിക്കേണ്ട ബസ് സ്റ്റേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആറ്റിങ്ങൽ

2. വിഴിഞ്ഞം

3. പേരൂർക്കട

4. കണിയാപുരം

5. കൊല്ലം

6. കൊട്ടാരക്കര

7. പുനലൂർ

8. പാലാ

9. നോർത്ത് പറവൂർ

10. തൃശ്ശൂർ

11. ചാലക്കുടി

12. ചിറ്റൂർ

13. പമ്പ

**(സി)** കൂടുതൽ വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യ്ക്ക് സ്ഥിരമായ വരുമാനമാർഗങ്ങൾ ഉറപ്പാക്കുന്ന വിധത്തിൽ ബസ് സ്റ്റേഷനുകൾ നവീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** മുകളിൽ പരാമർശിച്ച എല്ലാ ബസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളിലും വാണിജ്യ സ്ഥാപനങ്ങൾക്കായി കടമുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് സ്ഥിരമായ വരുമാനമാർഗങ്ങൾ ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**